പ്രസിദ്ധീകരണത്തിന്

ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

തീയതി 15.12.2017

# കോഴിക്കോട് ബൈപ്പാസ് അനുമതിയായി : മന്ത്രി ജി.സുധാകരൻ

കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാത വികസനത്തിന്റെ ഭാഗമായ 28.400 കിലോമീറ്റർ നീളം വരുന്ന കോഴിക്കോട് ബൈപ്പാസ് (വെങ്ങളം മുതൽ രാമനാട്ടുകര വരെ) റോഡിനുള്ള കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി വ്യാഴാഴ്ച (14.12.2017) ഉത്തരവായതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു. ഹൈബ്രിഡ് ആന്വറ്റി പ്രകാരം നടത്തുന്ന പണിയുടെ മൊത്തം അംഗീകരിച്ച അടങ്കൽ തുക 1424.774 കോടിയാണെന്നും പ്രവൃത്തി നടത്താനുള്ള മറ്റു നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

പ്രസ്തുത പ്രവൃത്തിയിൽ നാലു വലിയ പാലങ്ങളും, ഒരു ചെറിയ പാലവും ഏഴ് മേൽപ്പാലങ്ങളും വാഹനങ്ങൾക്കുള്ള രണ്ടു അണ്ടർപാസുകളും കാൽനടയാത്രയ്ക്കുള്ള 16 അടിപ്പാതകളും, 103 കലുങ്കുകളും, 26 ജംഗ്ഷനുകളും ഉൾപ്പെടുന്നതാണ്. ഇതിനായി ആകെ ആവശ്യമായ 127.80 ഹെക്ടർ ഭൂമിയിൽ 125.94 ഹെക്ടർ ലഭിച്ചു കഴിഞ്ഞതാണ്. ബാക്കിയുള്ള 1.86 ഹെക്ടർ ഭൂമിയുടെ അക്വസിഷൻ നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രവൃത്തി നടക്കുന്നതിനോടൊപ്പം തന്നെ ഭൂമിയെടുപ്പ് നടപടി പൂർത്തീകരിക്കുന്നതാണ് എന്നും മന്ത്രി പറഞ്ഞു.

ടെണ്ടർ നടപടി ഡിസംബർ മാസത്തിൽ പൂർത്തീകരിക്കുമെന്നും ജനുവരിയിൽ തന്നെ പ്രവൃത്തി ആരംഭിക്കുമെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.